(ബി) (a) പൂർത്തിയാക്കിയ പദ്ധതികൾ		എസ്റ്റിമേറ്റ് തുക (രൂപ ലക്ഷത്തിൽ)
1.	വെള്ളടുക്കം കുടിവെള്ള പദ്ധതി	15.00
2.	കെടുമ്പാടി കുടിവെള്ള പദ്ധതി	12.00
(b) ആരംഭിച്ച പദ്ധതികൾ		
1.	പൈവളികയും സമീപ പ്രദേശങ്ങളിലേയും കുടിവെള്ള പദ്ധതി	993.32
2.	ബാദൂരം കുടിവെള്ള പദ്ധതി	508.95
3.	എൻമകജെ കുടിവെള്ള പദ്ധതി	916.30
4.	ബദിയടുക്ക നീർച്ചാൽ കുടിവെള്ള പദ്ധതി	471.00
5.	കൊടിബയൽ വാർഡ് V കുടിവെള്ള പദ്ധതി	20.00
6.	ഉപ്പള കുടിവെള്ള പദ്ധതി	510.00
7.	വെസ്റ്റ് എളേരി കുടിവെള്ള പദ്ധതി	781.00
8.	പട്ടേങ്ങാനം SC കോളനി കുടിവെള്ള പദ്ധതി	12.00
9.	സർക്കാരി SC കോളനി കുടിവെള്ള പദ്ധതി	11.00
10.	ക്യൂമേനി SC കുടിവെള്ള പദ്ധതി	12.25
11.	പന്നിയെറിഞ്ഞകൊല്ലി കുടിവെള്ള പദ്ധതി	16.30
12.	ബീമനടി വാർഡ് II കുടിവെള്ള പദ്ധതി	16.50
13.	പരപ്പ വാർഡ് V കുടിവെള്ള പദ്ധതി	20.00
14.	ഉദിനൂർ വാർഡ് VII കുടിവെള്ള പദ്ധതി	4.00
(c) പുതുതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ		
1.	കല്ലക്കട SC കോളനി കുടിവെള്ള പദ്ധതി	19.80
2.	കമനവയൽ SC കുടിവെള്ള പദ്ധതി	6.00

മുകളിൽ പ്രസ്താവിച്ച പദ്ധതികൾക്കുപുറമേ കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റിക്കുവേണ്ടി ഒരു ശുദ്ധജലവിതരണ പദ്ധതി തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. കാസർഗോഡ് മുനിസിപ്പാലിറ്റി ശുദ്ധജലവിതരണ പദ്ധതിയുടെ വിപുലീകരണത്തിനുള്ള പദ്ധതി തയ്യാറാക്കലും തുടങ്ങിവച്ചിട്ടുണ്ട്.

ആനമലയാറിൽനിന്ന് തമിഴ്നാടിന് നല്കുന്ന വെള്ളത്തിന്റെ അളവ്

57 [220] ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:
" സി. പി. മുഹമ്മദ്:
" പ്രയാർ ഗോപാലകൃഷ്ണൻ:
" ടി. എൻ. പ്രതാപൻ:
" ലൂഡി ലൂയിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആനമലയാറിൽ നിന്ന് തമിഴ്നാടിന് 2.5 ടി. എം. സി. വെള്ളം നല്കുമ്പോൾ തമിഴ്നാടിനുണ്ടാകുന്ന വാട്ടർ യീൽഡ് 16.5 ടി.എം.സി.-യിൽ കവിയുന്നതിനാൽ അപ്രകാരം കവിയുന്ന വെള്ളം കേരളത്തിന് നല്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ ഈ ആവശ്യം തമിഴ്നാട് അംഗീകരിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ആനമലയാറിലെ വെള്ളം തമിഴ്നാടിന് നല്കുന്നതിന്റെ കാരണമെന്താണെന്ന് അറിയിക്കുമോ;

(ഡി) ജലകരാർ വഴി പ്രതീക്ഷിക്കാത്ത ആനുകൂല്യം തമിഴ്നാടിന് ലഭിക്കുന്നതിനെ എപ്രകാരം തടയാൻ കഴിയുമെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) ഇല്ല. ആനമലയാറിൽ നിന്ന് കരാർ പ്രകാരം തമിഴ്നാടിന് ലഭിക്കാൻ വ്യവസ്ഥ ചെയ്യുന്ന ജലത്തിന് പറമ്പിക്കുളം ഗ്രൂപ്പുകളുടെ ജല വിനിയോഗവുമായി ബന്ധമില്ല. ആനമലയാറിലെ ജലം കൂടാതെ തന്നെ 16.50 ടി.എം.സി.-ക്ക് മുകളിൽ ലഭിക്കുന്ന വെള്ളത്തിൽ നിന്നും 2.5 ടി.എം.സി. ജലം കേരളത്തിന് നല്കാൻ വ്യവസ്ഥയുണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ആനമലയാറിൽനിന്നും തമിഴ്നാടിന് ജലം നല്കുവാൻ ആരംഭിച്ചിട്ടില്ല. പറമ്പിക്കുളം-ആളിയാർ പദ്ധതി കരാറിലെ ഷെഡ്യൂൾ-2, ക്ലോസ് 1 (1) അനുസരിച്ച് ആനമലയാറിൽ നിന്നും 2.5 ടി.എം.സി. ജലം തമിഴ്നാടിന് നല്കാൻ വ്യവസ്ഥ നിലവിലുണ്ട്. കരാർ പ്രകാരം കേരളത്തിന്റെ ഇടമലയാർ പദ്ധതി പൂർത്തീകരിച്ചശേഷം ഇരു സംസ്ഥാനങ്ങളും തമ്മിൽ ഒരു അനുബന്ധക്കരാർ ഒപ്പുവച്ച ശേഷം മാത്രമേ തമിഴ്നാടിന് ആനമലയാറിൽ നിന്നും 2.5 ടി.എം.സി. ജലം നല്കേണ്ടതുള്ളൂ.

(ഡി) ഓരോ നദീതടത്തിൽനിന്നും യഥാർത്ഥത്തിൽ ലഭിക്കുന്ന ജലം ഇരു സംസ്ഥാനങ്ങൾക്കും കരാറിലെ വ്യവസ്ഥകൾക്കനുസരിച്ച് ആനുപാതികമായി നിശ്ചയിക്കണമെന്ന് കേരളത്തിന്റെ ആവശ്യം പറമ്പിക്കുളം-ആളിയാർ പദ്ധതിക്കരാർ പുനരവലോകനത്തിനായി നിയോഗിക്കപ്പെട്ട സാങ്കേതിക സമിതിയുടെ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഈ ആവശ്യം പുനരവലോകന ചർച്ചകളിൽ കേരളം ഉന്നയിച്ചുകൊണ്ടിരിക്കുന്നു.

പാലക്കാട് ജില്ലയിലെ നെല്ലായ-കുഴക്കല്ലൂർ, പട്ടാമ്പി കുടിവെള്ള പദ്ധതികൾ

58 [221] ശ്രീ. സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ പാലക്കാട് ജില്ലയിലെ നെല്ലായ-കുഴക്കല്ലൂർ, പട്ടാമ്പി എന്നീ കുടിവെള്ള പദ്ധതികൾ എന്നത്തേയ്ക്ക് പൂർത്തിയാക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നെല്ലായ-കുഴക്കല്ലൂർ ശുദ്ധജല വിതരണ പദ്ധതി 12/2005-നും, പട്ടാമ്പി ശുദ്ധജലവിതരണ പദ്ധതി ഭാഗികമായി 3/2005-നും പൂർണ്ണമായി 12/2005-നും പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly